പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2191 26-03-13 ൽ മറുപടിക്ക്

വാണിജ്യ നികുതി വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.ഇ.കെ.വിജയൻ : | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വാണിജ്യനികുതി വകുപ്പിൽ അഴിമതി നിർമ്മാർജ്ജനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) വാണിജ്യനികുതി വകുപ്പിൽ അഴിമതി നിർമ്മാർജ്ജനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നിലവിൽ CCTV സംവിധാനം അമരവിള ചെക്ക്പോസ്റ്റിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതേ സംവിധാനം മറ്റുപ്രധാന ചെക്ക് പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അമരവിള ചെക്ക്പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റായി പരിവർത്തനം ചെയ്തു. മറ്റു പ്രധാന ചെക്ക് പോസ്റ്റുകൾ സംയോജിത ചെക്ക് പോസ്റ്റാക്കുവാൻ ഉദ്ദേശിക്കുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ സംസ്ഥാനത്ത് കടന്നുവരികയും പോവുകയും ചെയ്യുന്ന ചരക്കുകളുടെ തത്സമയ സഞ്ചാര പഥം ടിൻ /പിൻ ഡീലർമാരുടെ മൊബൈൽ ഫോണിൽ അലർട്ട് മെസ്സേജ് SMS ആയി ലഭിക്കുന്ന തരത്തിലുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഡീലർമാർക്ക് ഇ-ഡിക്ലറേഷൻ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.<br>അഴിമതി നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശത്തോടെ കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം ചെക്ക്പോസ്റ്റ്, പാലക്കാട് വാളയാർ ഉൾപ്പെടെയുള്ള ചെക്ക്പോസ്റ്റുകൾ, തിരുവനന്തപുരത്ത് അമരവിള, ഉച്ചക്കട തുടങ്ങിയ ചെക്ക്പോസ്റ്റുകളിൽ ജീവനക്കാർക്ക് ഭക്ഷണവും താമസസൗകര്യവും സർക്കാർ ചെലവിൽ നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നടപടികളെ മറികടന്ന് വകുപ്പിൽ വൻ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ അഴിമതി നിർമ്മാർജ്ജനത്തിൽ സർക്കാരിന്റെ കാര്യക്ഷമതയെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; | (സി) | മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല. |
| (ഡി) | ഇത്തരം പോരായ്മകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) | പോരായ്മകൾ ശ്രദ്ധയിൽപ്പെടുന്നതിനനുസരിച്ച് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ